[Sri T. K. Narayana Pillai]

ള്ള ഉദ്ദേശത്തോടുകൂടിതന്നെയാണ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇതു വ്യക്തികളെ ഏതെല്ലാം വിധത്തിൽ സ്പർശിച്ചാലും എല്ലാവർക്കും ഒന്നുപോലെ അനുഭവിക്കാൻ സാധ്യമാകുമെന്നുമാത്രമെ ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നുള്ളു. എതായാലും എന്റെ ബഹുമാന്യ സ്നേഹിതന്മാർ ഇവിടെ ഉന്നയിച്ചിട്ടുള്ള വാദപ്രതിവാദങ്ങളെല്ലാം സെലക്ട് കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധക്ക് വിഷയീഭവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ ഇപ്പോൾ തന്നെ ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നാണ് എന്റെ അഭിപ്രായം.

Mr. Deputy Speaker: The question is that the Travancore-Cochin Suppression of Immoral Traffic Bill be referred to a Select Committee consisting of the Hon'ble Members whose names have been suggested by the Minister in charge of the Bill.

The motion was put and carried.

The Travancore—Cochin Hackney Carriages Bill

Chief Minister **(Sri. T. K. Narayana Pillai):** Sir, the Travancore-Cochin Hackney Carriages Bill may be taken up afterwards.

No objection having beeen raised, the request was granted.

The Travancore-Cochin Forest Bill

Minister for Education Labour and Civil Supplies **(Sri. Panampilli Govinda Menon):** Sir, I beg to introduce the Travancore-Cochin Forest Bill.

Mr. Deputy Speaker: The Bill is introduced.

Sri. Panampilli Govinda Menon: Sir, I move that this bill be referred to a Select Committee. After the motion is passed, I shall give out the names of the members of the Select Committee.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബിൽ ഒരു സംയോജന ബില്ലാണ്. തിരുവിതാംകൂറിലും കൊച്ചിയിലും ഓരോ ഫാറസ്റ്റ് ആക്ട് നിലവിലുണ്ട്. ഈ ആക്ടുകളും സംയോജിപ്പിച്ച് ഈ സംസ്ഥാനത്തിനു മുഴുവൻ ബാധകമാകുന്ന ഒരേ ഒരു നിയമം ഉണ്ടാക്കണമെന്നുള്ളതാണ്, ഈ ബില്ലിന്റെ പ്രധാനമായ ഉദ്ദേശം.

തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഫാറസ്റ്റ് നിയമങ്ങളിൽ അല്പസ്വല്പം ചില വ്യത്യാസങ്ങളുണ്ട്. അങ്ങിനെ വ്യത്യാസങ്ങളുള്ള സന്ദർഭങ്ങളിലെല്ലാം സാമാന്യേന തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ഫാറസ്റ്റ് ആക്ടാണ് ഈ ബില്ലിൽ അംഗീകരിച്ചിട്ടുള്ളത്. എട്ടാം അദ്ധ്യായം തിരുവിതാംകൂർ വിഭാഗത്തെമാത്രം സംബന്ധിക്കുന്ന ഒരു നിയമമാണ്. അതു ഇപ്പോൾ തിരുവിതാംകൂർ ആക്ടിലുണ്ട്. ഈ വിധത്തിലുള്ള ഒരു നിയമവ്യവസ്ഥ കൊച്ചിയെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതുകൊണ്ട് ഈ എട്ടാം അദ്ധ്യായം തിരുവിതാംകൂർ വിഭാഗത്തേക്കുമാത്രം ബാധകമായിട്ടുള്ളതാണ്. ഇതു രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ളതാണ്. രാജകീയവൃക്ഷങ്ങൾ ഏതു വ്യവസ്ഥയിലാണ് കടിയാന്മാർക്ക് വെട്ടിയെടുക്കുവാനുള്ള സൗകര്യം കൊടുക്കേണ്ടതെന്ന കാര്യമാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഈ ബില്ലിലെ സാമാന്യ തത്വങ്ങളെപ്പറ്റി പറയുകയാണെങ്കിൽ ഇതിൽ പുതിയതായി ഒന്നുംതന്നെയില്ല. സെലക്ട് കമ്മിറ്റി സാവകാശമായി ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചിച്ചു് റിപ്പോർട്ട് ചെയ്യാൽ മതിയാകുന്നതും, അടിയന്തിരാവശ്യമായ കാര്യങ്ങളൊന്നും ഇല്ലാത്തതുമാണു് ഈ ബിൽ. കമ്മിറ്റി അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കാം.

ശ്രീമാൻ എൻ. കെ. കൃഷ്ണപിള്ള. ശ്രീമാൻ വി. കെ. വേലായുധൻ.
,, വി. മാധവൻ. ,, ചെലാടി രാവുണ്ണി.
,, പി. ബാലകൃഷ്ണൻതമ്പി. ,, പി. കെ. പാലം.
,, പി. എം. വേലായുധൻ. ,, കെ. ശിവരാമപിള്ള.
ശ്രീമതി ദേവകി ഗോപിദാസു്. ,, ആർ. ശങ്കർ.

ഇതിന്റെ കോറം നാലായിരിക്കുന്നതാണു്.

Sri K. P. Nilikanta Pillai : Sir, it is very gratifying to find that our Government have now come to realise the importance of forest preservation. For some time the policy pursued by this Government appeared to be a big paradox. In the name of Grow More Food Compaign they indiscriminately allowed the forests to be exploited and consequently there was a cry from one end of the land to the other that that policy should be put a stop to. Now they have realised the importance of preserving the forest area of the State for the future generation, and that is why I said the Government now think to be mindful of the interests of the future generation (hear, hear). Of course there may be several reasons which induced the Government to undertake the legislation so soon because, if not directly, indirectly the policy pursued by this Government with regard to the indiscriminate exploitation of forests was condemned by Sirdar Patel and other politicians who are at powerful places today. May be, that must have been one of the reasons which enabled the present cabinet to undertake this bit of legislation.

(Mr. Speaker resumed the Chair.)

Now I am asking the question whether even today they have come to anything definite with regards to the afforestation policy to be pursued by this State hereafter. Because even in the provisions of this Bi l that policy is not clear. Section 26 says that this Government may, by notification in the Gazette direct that, from a date to be fixed by such notification, any forest or any portion thereof reserved under this Act shall cease to be reserved. From the date so fixed, such forests or portions shall cease to be reserved ; but the rights if any which have been extinguished therein shall not revive in consequence of such cessation,—even after the provisions of this bill Government seem to reserve the power to disafforest any area out of the existing forest land if they deem it fit. That is the reason why I put the question whether the Government have come to a conclusion regarding the policy of d.s-afforestation. Have they got any fixed idea as to the extent of forest that Travancore-Cochin State should have? That is the reason why I ask the question why the provision is there. Government is already annoyed on account of the indiscriminate disafforestation. I ask whether some steps should not be taken in regard to afforestation. It was definitely laid down so far as the administration of Travancore was concerned originally. Travancore has accordingly been divided into three regions—the lowland, the midland and the highland regions. It was definitely laid down that no area from the highland will be allowed to be exploited either for agriculture or anything else. That policy has been kept till this present Government came into power. Now in the name of Grow More Food Campaign this Government has indiscriminately allowed extensive areas from highland regions to be exploited for the purpose of growing paddy. That is why, according to the figures given, about 51 sq. miles of land have been thrown out of Devicolam, that is the highland region, for encouraging the grow more food campaign. That was a

LIBRARY ARCHIVES Kerala Legislative Assembly

deviation which this Government made from the policy that has been pursued by this State so far as the forest administration of the State was concerned. Now I am asking the question whether that has been done wisely. Is it not an act which went against the interests of the future generation of this State? Therefore I can appreciate several provisions of this Bill which will enable Government to add to the forests of the State. I do not wish to enter into details as to how portions should not be disafforested or forest land should be allowed to be disafforested and assigned to persons. I do wish to enter into all these details.

ADJOURNMENT MOTION

Mr. Speaker: We will now proceed to the discussion of the adjournment motion.

Sri. M. I. Paul: I have not received a copy of the adjournment motion.

Mr. Speaker: The motion in full is incorporated in the agenda for the day which has been made available to all the members.

ശ്രീ. ഇട്ടീര അനൂക്കൻ : ഇന്നലെ ഈ അടിയന്തിര പ്രമേയം ബഹു. സ്പീക്കർ അനുവദിക്കുന്ന സമയത്തു് അതിനോടു് എതിരഭിപ്രായം ഈ സഭയിൽ ആക്കെങ്കിലും ഉണ്ടോ എന്നു ചോദിച്ചപ്പോൾ ഗവൺമെണ്ടു പക്ഷത്തുനിന്നു് ആരും എതിർത്തുകണ്ടില്ല. ആ സ്ഥിതിക്കു് ഗവൺമെണ്ടിന്റെ നില ഇതിനോടു് അനുകൂലമാണെന്നു് സ്പഷ്ടമാണു്. അതുകൊണ്ടു് ഇതു സംബന്ധിച്ചുള്ള ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമുണ്ടോ.

മി. സ്പീക്കർ : ഈ സംഗതി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അതു സംബന്ധിച്ചു് ഒരു വാദപ്രതിവാദം നടത്തുന്നതിനും ഗവൺമെണ്ടിനു് വിരോധമില്ലെന്നു മാത്രമേ ഗവൺമെണ്ടു സ്വീകരിച്ചു ആ നിലകൊണ്ടു അർത്ഥമാകുന്നുള്ളു.

Sri. V. Gangadharan Nair: Sir, " I move that the business of the House be adjourned to discuss a definite matter of urgent public importance, namely, the situation created as a result of the strike started in the FACT, Alwaye, from yesterday onwards."

സർ, വളരെ പ്രാധാന്യം അർഹിക്കുന്ന ഈ പ്രശ്നത്തെപ്പറ്റി പ്രത്യേകമായ ഒരു വാദപ്രതിവാദംതന്നെ നടത്തണമെന്നു് ഈ ബഞ്ചിലുള്ള ഞങ്ങൾ നിശ്ചയിച്ചതു് ഈ വിഷയത്തിൽ ഗവൺമെണ്ടു് ചില രാഷ്ട്രീയ പരിഗണനകളെ മുൻനിറുത്തി പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയിക്കുന്നതുകൊണ്ടാണു്. ഇന്നലെ കാലത്തു് എട്ടുമണിമുതൽ ഭക്ഷ്യോല്പാദനത്തിനു് അത്യന്താപേക്ഷിതമായിരിക്കുന്ന വളം നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന എഫ്. എ. സി. റ്റി. യിൽ രണ്ടായിരത്തോളം വരുന്ന തൊഴിലാളികൾ പണിമുടക്കു ആരംഭിച്ചിരിക്കയാണു്. ഈ പണിമുടക്കു തുടങ്ങുന്നതിനു് എത്രയോ മുമ്പുതന്നെ എഫ്. എ. സി. റ്റി. എംപ്ലോയീസു് അസോസിയേഷൻ പ്രസിഡൻറും ഈ നാട്ടിലെ ഒരു പ്രശസ്ത തൊഴിലാളി നേതാവുമായ സ. കെ. എൻ. ഗോപാലപിള്ളയേയും അദ്ദേഹത്തിന്റെ പല പ്രധാന സഹപ്രവർത്തകരേയും ഈ ഗവൺമെണ്ടു് അറസ്റ്റു് ചെയ്കയും ജയിലിൽ അടയ്ക്കുകയും ചെയ്തിരുന്നു. ഫാക്ടറിലെ ട്രേഡ് യൂണിയനുമായി യാതൊരു ബന്ധവുമില്ലാത്ത സഖാവു് ആർ. എം. മനയ്ക്കലാത്തു് എന്ന ഒരു സോഷ്യലിസ്റ്റു് പ്രവർത്തകനെ ഈ കാര്യത്തെ അടിസ്ഥാനമാക്കി പബ്ലിക്ക് സേഫ്റ്റി നിയമമനുസരിച്ചു് അറസ്റ്റു് ചെയ്കയും ജയിലിൽ അടയ്ക്കുകയും ചെയ്തിരിക്കുന്നു. എഫ്. എ. സി. റ്റി. എംപ്ലോയീസു് യൂണിയന്റെ പ്രധാന പ്രവർത്തകരെയെല്ലാം അറസ്റ്റു് ചെയ്യാൻ വാറണ്ടു് പുറപ്പെടുവിച്ചിരിക്കയാണു്. ഏതായാലും പണിമുടക്കു തുടങ്ങുന്നതിനുമുമ്പുതന്നെ അറസ്റ്റുകൾ തുടങ്ങി. അറസ്റ്റു് ചെയ്യ

LIBRARY ARCHIVES Kerala Legislative Assembly